(ഇ) ഇല്ലാത്തപക്ഷം എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ ?

ഉത്തരം

(എ) ഗിരിവർഗ്ഗക്കാർക്കുവേണ്ടി 9-ാം പദ്ധതിയിൽ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ ഉൾപ്പെടുത്തി (കേന്ദ്രസഹായ പദ്ധതികൾ ഉൾപ്പെടെ) ആകെ 239.71 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

(ബി) 1991-ലെ സെൻസസ് പ്രകാരം സംസ്ഥാനത്ത് 3,20,967 പട്ടികവർഗ്ഗക്കാരാണ് ഉള്ളത്. ഇതിന്റെ അടിസ്ഥാനത്തിൽ ഒൻപതാം പദ്ധതിക്കാലത്ത് ആകെ ചെലവഴിച്ച തുകയായ 239.71 കോടി രൂപ ആൾ ഓഹരി ഇനത്തിൽ വീതിക്കുമ്പോൾ ശരാശരി 7,450 രൂപ വീതം ചെലവഴിച്ചതായി കണക്കാക്കാവുന്നതാണ്.

(സി) ചെലവഴിച്ച തുകയ്ക്ക് ആനുപാതികമായ പ്രയോജനം ഗിരിവർഗ്ഗക്കാർക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസക്തമല്ല.

(ഇ) പ്രസക്തമല്ല.

പട്ടികജാതി/വർഗ്ഗ വികസന വകുപ്പുകൾ വായ്പ നൽകുന്നതിലെ ക്രമക്കേടുകൾ

142 (1034) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡി. സുഗതൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പട്ടികജാതി വികസനവകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും വീട് വയ്ക്കുന്നതിനും വസ്തു വാങ്ങി വീട് വയ്ക്കുന്നതിനുമായി ഓരോ അപേക്ഷകർക്കും എന്തു തുക വീതം നൽകുന്നുവെന്ന് അറിയിക്കാമോ ;

(ബി) പ്രസ്തുത വായ്പ നൽകുന്നതിലും അതിന്റെ വിനിയോഗത്തിലും ക്രമക്കേടുണ്ടാകുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ഏതെല്ലാം വിധത്തിലുള്ള ക്രമക്കേടുകൾ നടക്കുന്നതായാണ് പരാതി കിട്ടിയിട്ടുള്ളതെന്നും ഈ പരാതികളിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോയെന്നും വിശദീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പട്ടികജാതിക്കാർക്ക് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 2001-2002 വർഷത്തിൽ വീട് വയ്ക്കുന്നതിന് 35,000 രൂപ വീതവും, 2002-2003 വർഷം മുതൽ 70,000 രൂപ വീതവും നൽകിയിട്ടുണ്ട്. വസ്തു വാങ്ങുന്നതിന് 2001-2002 വർഷം മുതൽ ഗ്രാമപ്രദേശങ്ങളിൽ 19,500 രൂപയും, മുനിസിപ്പാലിറ്റികളിൽ 20000 രൂപയും കോർപ്പറേഷൻ അതിർത്തിയിൽ 25000 രൂപയും നൽകി വരുന്നുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 19-3-2003 വരെ വീട് വയ്ക്കുന്നതിന് 42000 രൂപയും 20-3-2003- ലെ ജി.ഒ. (ആർ.റ്റി.) 261/03 പ്രകാരം 75,000 രൂപയും നൽകിവരുന്നു. പുനരധിവാസമിഷൻ പട്ടികവർഗ്ഗക്കാരുടെ വീട് വയ്ക്കുന്നതിന് 75,000 രൂപ നൽകിവരുന്നു. വസ്തു വാങ്ങുന്നതിനു 2001-2002 വർഷം മുതൽ 19,500 രൂപയും ഏറ്റവും പിന്നോക്കം നിൽക്കുന്ന ദുർബല വിഭാഗത്തിന് 32,500 രൂപയും നൽകിവരുന്നു.

(ബി&സി) പട്ടികജാതി വികസനവകുപ്പിൽ വീട് വയ്ക്കുന്നതിനും സ്ഥലം വാങ്ങുന്നതിനും ഗ്രാന്റ് നൽകിയതിൽ പരാതി ലഭിച്ചിട്ടുണ്ട്. അർഹതയില്ലാത്തവരെ തെരഞ്ഞെടുത്തതായും, ഗുണഭോക്താക്കൾ തെരഞ്ഞെടുത്ത സ്ഥലം കെട്ടിടനിർമ്മാണത്തിന് അനുയോജ്യമല്ലായെന്നുള്ള പരാതികൾ ലഭിച്ചിട്ടുണ്ട്. ഈ പരാതികളിന്മേൽ അന്വേഷണം നടത്തിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിനെ സംബന്ധിച്ച് ക്രമക്കേട് നടന്നതായ പരാതി ലഭിച്ചിട്ടില്ല. ചോദ്യം ഉദിക്കുന്നില്ല.

മാവിലൻ സമുദായത്തെ പട്ടികവർഗ്ഗ ലിസ്റ്റിൽ ഉൾപ്പെടുത്തിയ നടപടി

143 (1035) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുന്ന മാവിലൻ സമുദായത്തെ പട്ടികവർഗ്ഗ വിഭാഗത്തിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് ഇറക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതുപ്രകാരമുള്ള ആനുകൂല്യങ്ങൾ ലഭ്യമാകുന്നതിനായി മാവിലൻ വിഭാഗത്തിൽപ്പെട്ട ജനങ്ങൾ അധിവസിക്കുന്ന കാസർഗോഡ് ഉൾപ്പെടെയുള്ള ജില്ലകൾക്ക് പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള അലോട്ട്മെന്റിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്ര തുക വർദ്ധിപ്പിച്ച് അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

(ഡി) ഇല്ലെങ്കിൽ ഇതിനായി അലോട്ട്മെന്റ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?